# KSFE OFFICERS' UNION THRISSUR

Registered Under Trade Union Act, 1926
Reg. No. 02/01/2015


e-mail : ksfeounews@gmail.com • ksfeousc@gmail.com • website : www.ksfeou.com

President
**Adv. K.N. Balagopal Ex. M.P.**
9446545577

Working President
**Adv. R. Raghavan Pillai**
9447044889

General Secretary
**G. Thomas Panicker**
9496584950


19-01-2018

## സർക്കുലർ നമ്പർ 7/2018

സഖാക്കളെ

നമ്മുടെ സംഘടനയുടെ സംസ്ഥാനകമ്മിറ്റിയോഗം ജനുവരി 9 ന് തിരുവനന്തപുരം സി.ഐ.റ്റി.യു ഓഫീസിൽ വച്ച് സംസ്ഥാനപ്രസിഡന്റ് സ.കെ.എൻ ബാലഗോപാലിന്റെ അധ്യക്ഷതയിൽ ചേർന്നു.

മലപ്പുറം മക്കരപ്പറമ്പ് ശാഖയിലെ സ.മണികണ്ഠൻ, കൊട്ടിയം ശാഖയിലെ സ.ഉണ്ണികൃഷ്ണൻ, വിരമിച്ച ജീവനക്കാരനും സ്റ്റാഫ് അസോസിയേഷൻ മുൻ ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായിരുന്ന സ.ശശിധരൻ, ശ്രീ. ഓംപ്രകാശ്, പ്രശസ്ത സിനിമ സംവിധായകനായ ശ്രീ.ഐ.വി.ശശി, ഡോ.എം.വി.പൈലി, പുനത്തിൽ കുഞ്ഞബ്ദുള്ള, ഓഖി ദുരന്തത്തിൽ മരണമടഞ്ഞവർ എന്നിവർക്ക് കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

സംസ്ഥാന ജന.സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും ട്രഷറർ 31.12.2017 വരെയുള്ള കണക്കും അവതരിപ്പിച്ചു. സി.പി.ഐ (എം) കൊല്ലം ജില്ലാ സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുത്ത സംസ്ഥാനപ്രസിഡന്റ് സ.കെ.എൻ ബാലഗോപാലിനെസംസ്ഥാനകമ്മിറ്റി അനുമോദിച്ചു. കഴിഞ്ഞ കമ്മിറ്റി തീരുമാനപ്രകാരം കെ.എസ്.എഫ്.ഇ ജീവനക്കാരുടെ പെർഫോമൻസ് ഇൻസെന്റീവ് പരിധി വെട്ടിക്കുറച്ച സർക്കാർ നടപടി പുനഃപരിശോധിക്കണമെന്ന ആവശ്യം ധനമന്ത്രിയുമായി ചർച്ച നടത്തി. ഫെബ്രുവരി 2 ന് ശേഷം ഈ വിഷയം ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കാമെന്ന് ഉറപ്പ് നല്കിയിട്ടുണ്ട്.

### സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ യാഥാർത്ഥ്യമായി

നമ്മുടെ ജീവനക്കാർക്ക് നല്കുന്ന ഗ്രേഡ് പ്രൊമോഷൻ സേവനകാലയളവ് പൂർത്തിയാക്കുന്ന തീയ്യതി മുതൽ പ്രാബല്യം ലഭിക്കണമെന്ന നമ്മുടെ ശക്തമായ ആവശ്യം യാഥാർത്ഥ്യമായി. ഗ്രേഡു പ്രൊമോഷനുകൾ ബ്രാഞ്ചു ഗ്രേഡേഷനുമായി ബന്ധപ്പെടുത്തിയും പ്രെമോഷൻ നൽകുന്നതിനുള്ള പ്രാബല്യം ജനുവരി, ജൂലൈ എന്നീ മാസങ്ങളിലുമാണ് നാളിതുവരെ നടന്നിട്ടുള്ളത്. ഇതുമൂലം ഗ്രേഡ് IV ൽ നിന്നും മുകളിലോട്ടുള്ള പ്രൊമോഷൻ 5 വർഷം കഴിഞ്ഞിട്ടും ലഭിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ശമ്പളപരിഷ്കരണ ചർച്ച വേളയിൽ നമ്മുടെ ഉറച്ച നിലപാടിനെതുടർന്ന് ബ്രാഞ്ച് ഗ്രേഡേഷനുകൾ കണക്കിലെടുക്കാതെയും ഗ്രേഡ് പ്രൊമോഷനുകൾ സമയബന്ധിതമായി നല്കുന്നതിനും കരാറാക്കാനായി. എൽ.ഡി.എഫ് സർക്കാർ നാം ഒപ്പിട്ട കരാർ അതേപടി അംഗീകരിച്ചതിന്റെ ഫലമായി 3 വർഷം പൂർത്തിയായ തീയതി മുതൽ ഗ്രേഡ് III പ്രൊമോഷനും തുടർന്ന് 3 വർഷം പൂർത്തിയാകുമ്പോൾ ഗ്രേഡ് II പ്രൊമോഷനും വീണ്ടും 5 വർഷം പൂർത്തിയാകുമ്പോൾ ചീഫ് മാനേജരുമായി പ്രൊമോഷൻ നല്കി ഉത്തരവ് ആയിട്ടുണ്ട്.

### യു.ഡി.എഫ് സർക്കാർ നിഷേധിച്ച AGM പ്രൊമോഷൻ ഉത്തരവായി

യു.ഡി.എഫ് സർക്കാരിന്റെ അവസാന കാലത്ത് നേരിട്ട് PSC വഴി മാനേജരായ പ്രത്യേകം നിയമനം ലഭിച്ചവരുടെ AGM പ്രൊമോഷൻ അട്ടിമറിക്കുന്നതിനുള്ള ശ്രമം നാം നിയമ പോരാട്ടത്തിലൂടെ തടഞ്ഞിരുന്നു. അന്നത്തെ ഭരണാനുകൂല സംഘടനാ നേതാക്കളെ തിരുകിക്കയറ്റാൻ 6 ഒഴിവിലേയ്ക്ക് 18 പേരുടെ അഭിമുഖത്തിന് തീരുമാനിച്ചിരുന്നു. പെരുമാറ്റച്ചട്ടം നിലവിലുള്ളതിൽ ഇലക്ഷൻ കമ്മീഷന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അഭിമുഖം സ്റ്റേ ചെയ്യുകയുണ്ടായി. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇൻ-ചാർജ് തസ്തികയിൽ ഉള്ള മുഴുവൻ പേർക്കും പ്രൊമോഷൻ നൽകണമെന്ന നമ്മുടെ ആവശ്യം അംഗീകരിക്കുകയും ഇൻ-ചാർജ് വഹിച്ചിരുന്ന 8 പേർക്ക് അഭിമുഖം നടത്തി കേഡർ പ്രൊമോഷൻ നൽകുകയും ചെയ്തു. കേഡർ പ്രൊമോഷൻ നൽകിയതിന്റെ പേരിൽ അവരെ തലങ്ങും വിലങ്ങും സ്ഥലം മാറ്റി ഉത്തരവായപ്പോൾ അടിയന്തിരമായി ധനമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുകയും ആ സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. കേഡർ പ്രൊമോഷൻ നൽകുന്നതിന്റെ പേരിൽ മാനേജ്മെന്റ് പീഡിപ്പിക്കാൻ ഇനിയും ശ്രമിച്ചാൽ നാം അതിനെ ശക്തമായി എതിർക്കുന്നതാണ്.

### വിരമിച്ച ജീവനക്കാർക്ക് ആശ്വാസം

രാഷ്ട്രീയ പക്ഷപാതപരമായും സാങ്കേതിക കാരണങ്ങൾ പറഞ്ഞും നൂറുകണക്കിന് വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി മാനേജ്മെന്റ് തടഞ്ഞിരുന്നു. എന്നാൽ മാനേജിംഗ് ഡയറക്ടറുമായി നാം നിരന്തരമായി ഇടപെട്ടതിനെതുടർന്ന്

മുഴുവൻ വിരമിച്ച ജീവനക്കാരുടെയും ഗ്രാറ്റുവിറ്റി വിതരണം ചെയ്തു. ഭാവിയിൽ വ്യക്തമായ ഒരു വിരമിക്കൽ നയം രൂപീകരിക്കണമെന്ന് അവശ്യപ്പെട്ട് നാം സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി തീരുമാനമെടുക്കാമെന്ന് മാനേജ്മെന്റ് ഉറപ്പ് നല്കിയിട്ടുണ്ട്. പി.എഫ് പെൻഷൻ ഉയർന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ വേഗത്തിലാകുന്നതിനും മാനവശേഷിവകുപ്പിൽ ഒരു അസി.ജനറൽ മാനേജരുടെ നേതൃത്വത്തിൽ പ്രത്യേകസെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് അനുകൂലമായ ഇത്തരം തീരുമാനങ്ങൾ കൈകൊള്ളാൻ വ്യക്തിപരമായി തന്നെ മുൻകൈയ്യെടുത്ത മാനേജിംഗ് ഡയറക്ടർ ശ്രീ.എ.പുരുഷോത്തമന്റെ നടപടി അഭിനന്ദനാർഹമാണ്.

## യഥാർത്ഥ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിഷേധിക്കാൻ പി.എഫ് അധികാരികളുടെ നീക്കം.

EPS95 പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള നമ്മുടെ ജീവനക്കാർക്ക് പി.എഫ് അധികാരികൾ 2017 മെയ് മാസം പുറത്തിറക്കിയ ഒരു സർക്കുലറിലൂടെ 2014 ആഗസ്റ്റ് 31 നു ശേഷം വിരമിച്ച ജീവനക്കാരുടെ ഉയർന്ന പെൻഷൻ നിഷേധിച്ചിരിക്കുകയാണ്. ഇതേ തുടർന്ന് നമ്മുടെ സ്ഥാപനത്തിലെ എല്ലാ സംഘടനകളുമായി ബന്ധപ്പെടുകയും സംയുക്ത മെമ്മോറാണ്ടം തയ്യാറാക്കുകയും 2017 ഡിസംബർ 13 ന് എറണാകുളം പി.എഫ് കമ്മീഷണറുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയിൽ സ്ഥാപനത്തിലെ 3 സംഘടനകളുടെ ജന.സെക്രട്ടറിമാരും എറണാകുളം ഹൈക്കോടതി ലൈയ്സൺ ഓഫീസർ ഉണ്ണികൃഷ്ണനും പങ്കെടുത്തു.സുപ്രീം കോടതിയിൽ നിന്നും സ്ഥാപനത്തിലെ 4 സംഘടനകളും മാനേജ്മെന്റും സംയുക്തമായി സ്പെഷ്യൽ ലീവ് പെറ്റീഷനിൽ കക്ഷി ചേർന്ന് വിധി സമ്പാദിച്ചിട്ടുണ്ടെന്നും ആയതിനാൽ നമ്മുടെ ജീവനക്കാർക്ക് ഉയർന്ന പെൻഷൻ നിഷേധിക്കാനാവില്ലെന്നും നാം ചർച്ചയിൽ അവതരിപ്പിച്ചു. എന്നാൽ നിലവിലുള്ള കേസുകളിൽ കേരള ഹൈക്കോടതിയിലെ വിധിവരുന്ന മുറയ്ക്ക് അനുകൂല തീരുമാനം ഉണ്ടാകുമെന്നും പി.എഫ് കമ്മീഷണർ അറിയിച്ചു. എറണാകുളം ഹൈക്കോടതിയിൽ നമ്മുടെ അഭിഭാഷകനെകണ്ട് ഈ വിവരം ധരിപ്പിക്കുകയും അദ്ദേഹം സുപ്രീംകോടതിയിലെ അഭിഭാഷകരുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ബഹു.സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവായിട്ടുള്ളത്. അടിയന്തിരമായി ഹൈക്കോടതിവിധി പറയണമെന്നാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. നമ്മുടെ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കാനാവശ്യമായ നിയമപോരാട്ടങ്ങൾ തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിലെ എല്ലാ ലോക്സഭ അംഗങ്ങൾക്കും നിവേദനം സമർപ്പിക്കാൻ തീരുമാനുച്ചിട്ടുണ്ട്. EPS95 പെൻഷൻ പദ്ധതിയിൽ സ്വകാര്യ പ്രമേയം അവതരിപ്പിച്ച ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ.എം.പി യെ കണ്ട് നാം നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## എ.എം.പ്രൊമോഷൻ

ശാഖകളുടെ പ്രവർത്തനത്തിന് ആവശ്യമായ എണ്ണം പ്രൊമോഷൻ നല്കുന്നതിന് കണക്കാക്കണമെന്ന നമ്മുടെ ആവശ്യം ഒരു പരിധിവരെ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ നിർദ്ദേശം പരിഗണിച്ച് 140 പേർക്ക് പ്രൊമോഷൻ നല്കിയതിനു പുറമേ 2 തവണയായി 48 പേർക്ക് കൂടി പ്രൊമോഷൻ ഉത്തരവ് നല്കിയിട്ടുണ്ട്. മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എൽ.ഡി.എഫ് സർക്കാരിന്റെ ജീവനക്കാരോടും സ്ഥാപനത്തോടുമുള്ള അനുകൂല നിലപാടുകൾ ആണ് നിരന്തരമായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രൊമോഷനുകൾ.

## ശമ്പളനിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുക

60 ഓളം അസിസ്റ്റന്റ് മാനേജർമാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ ഉണ്ടായ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നാം നല്കിയ കത്തിൻമേൽ യാതൊരു നടപടിയും കൈകൊണ്ടില്ല. അടിയന്തിരമായി പ്രശ്നം പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. അവശ്യമെങ്കിൽ ധനമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നതാണ്.

## അവകാശ പത്രിക സമർപ്പിച്ചു.

സംസ്ഥാന കമ്മിറ്റി അംഗീകരിച്ച അവകാശ പത്രിക 2018 മെയ് 19 ന് ഹെഡ്ഡാഫീസിൽ വച്ച് മാനേജ്മെന്റിന് സമർപ്പിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളോടൊപ്പം കമ്മിറ്റി അംഗമായ കെ.എ.പ്രിൻസും സന്നിഹിതനായിരുന്നു. നാം നൽകിയ അവകാശ പത്രികയുടെ പകർപ്പ് നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്ഥാപനം

നമ്മുടെ സ്ഥാപനത്തിന്റെ പ്രവർത്തനകമ്മിറ്റി ഗൗരവമായി ചർച്ച ചെയ്തു. ചിട്ടി ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി ശാഖകളുടെ മേൽ കടുത്ത സമ്മർദ്ദമാണ് മാനേജ്മെന്റ് ചെലുത്തുന്നത്. തത്ഫലമായി പൂർണ്ണമായി പണമടയ്ക്കാതെ ചിട്ടികൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത തുടരുകയാണ്. ഇത് ഒരു കാരണവശാലും സ്ഥാപനത്തിന് ഭൂഷണമല്ല. സാധ്യതയില്ലാത്ത ശാഖകളിൽ ലക്ഷ്യം പൂർത്തിയാക്കാത്തതിന്റെ പേരിൽ മാനേജർമാരോട് സ്വീകരിക്കുന്ന നടപടികൾ ഒഴിവാക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നതാണ്. ഇതോടൊപ്പം പൊള്ള ചിട്ടി ചെയ്തതിന്റെ പേരിൽ മാനേജ്മെന്റ് സ്വീക

രിക്കുന്ന നടപടികളെ എതിർക്കുകയുമില്ല. നിക്ഷേപ-വായ്പ അനുപാതം 2017 ഡിസംബറിൽ കേവലം 46% മാത്ര മാണ്. ഇത് സ്ഥാപനത്തിന്റെ ലാഭത്തെ സാരമായി ബാധിക്കുന്നതാണ്. അടിയന്തിരമായി നിക്ഷേപ വായ്പ അനുപാതം 70% ലേക്ക് എത്തിക്കാനാവശ്യമായ തീരുമാനങ്ങൾ കൈകൊള്ളണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു. കുടിശ്ശിക നിവാരണത്തിനു വേണ്ടി പ്രത്യേക കാമ്പയിൻ ഏർപ്പെടുത്തിയിട്ടുപോലും ആശങ്കാജനകമാംവിധം വർദ്ധിക്കുകയാണ്. എല്ലാ അംഗങ്ങളും കുടിശ്ശിക നിവാരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കുടിശ്ശികയിൽ വ്യക്തമായ കുറവ് വരുത്താൻ പ്രവർത്തിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കണ മെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഫലമുണ്ടായിട്ടില്ല. ആധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ഇടപാടു കാർക്ക് ലഭ്യമാക്കുന്നതിന് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടായെ മതിയാകൂ. ഈ പ്രശ്നത്തിന് അടിയന്തിര പരി ഹാരമുണ്ടാക്കാൻ ഇടപെടണമെന്ന് ധനമന്ത്രിയോടാവശ്യപ്പെടാൻ തീരുമാനിച്ചു.

പൊന്നോണ ചിട്ടികൾ 2017 ന്റെ വിജയത്തിനു വേണ്ടി കമ്പനി എല്ലാ ഇടപാടുകാർക്കും പ്രഖ്യാപിച്ച സ്നേഹോപ ഹാരമായ 'കുട' ഇനിയും പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. അടിയന്തിരമായി അർഹരായവർക്ക് കുട വിതരണം ചെയ്യണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു. സംഘടനകളുമായി ചർച്ച ചെയ്ത Customer app ഉം Agents-app ഉം അടിയന്തിരമായി നടപ്പാക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെട്ടു.

## മൾട്ടിഡിവിഷൻ ചിട്ടി

ചിട്ടി പദ്ധതികളെ ഏറെ ആകർഷകമാക്കാൻ സഹായകരമായ നറുക്കു-ലേലചിട്ടികൾക്ക് ഇടപാടുകാരുടെ ഇട യിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. എല്ലാ മേഖലകളിലും ഇതോടകം 2 ശാഖകളിലെങ്കിലും ചിട്ടി ആരം ഭിച്ചു കഴിഞ്ഞു. നിരവധി ശാഖകൾ ചിട്ടി നടത്താൻ അനുമതി തേടിയിട്ടുണ്ട്. ശാഖകളുടെ ആവശ്യമനുസരിച്ച് ഈ ചിട്ടി യ്ക്ക് അനുമതി നല്കണമെന്നും അടുത്ത വർഷത്തെ വാർഷിക ലക്ഷ്യം കണക്കാക്കുന്നതിന് ഇതുകൂടി പരിഗണിക്കണ മെന്നും മാനേജ്മെന്റിനോടാവശ്യപ്പെട്ടു.

## പ്രവാസി ചിട്ടി

നമ്മുടെ സ്ഥാപനത്തിന്റെയും സംസ്ഥാനത്തിന്റെയും സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവാസി ചിട്ടിയുടെ വിജയത്തിനു വേണ്ടി സംഘടിപ്പിച്ച പ്രവാസി കുടുംബ സംഗമങ്ങൾ വൻ വിജയമാക്കുവാൻ നമുക്കു കഴിഞ്ഞു. ജനപ്ര തിനിധികളുടേയും പ്രവാസി ബന്ധുക്കളുടേയും സജീവ പങ്കാളിത്തം ഈ സംഗമങ്ങൾക്കുണ്ടായിരുന്നു. ഈ സംഗമങ്ങൾ വിജയിപ്പിച്ച ജീവനക്കാരെ സംസ്ഥാനകമ്മിറ്റി ഊഷ്മളമായി അഭിവാദ്യം ചെയ്യുന്നു.സംഗമത്തിനു ശേഷം തിരുവനന്തപു രത്ത് contact centre ആരംഭിച്ചുവെങ്കിലും പദ്ധതി തുടങ്ങുന്നതിന്റെ രൂപരേഖ ഇനിയും ആയിട്ടില്ല. അടിയന്തിരമായി ഇതിന്റെ സോഫ്റ്റ് വെയർ കമ്മീഷൻ ചെയ്ത് Pre-registration നടപടികൾ ആരംഭിക്കണമെന്ന് മാനേജ്മെന്റിനോടും സർക്കരിനോടും അവശ്യപ്പെട്ടിട്ടുണ്ട്. സ്വപ്നതുല്യമായ ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി എല്ലാവരും സജീവമായി രംഗത്തിറങ്ങണമെന്ന് സംസ്ഥാനകമ്മിറ്റി ആഹ്വാനം ചെയ്യുന്നു.

## കോൺഗ്രസ്സ് ഗ്രൂപ്പ് പോര് കെ.എസ്.എഫ്. ഇ യിലും

ആന്റോ ആന്റണിയും ചന്ദ്രബോസും നേതൃത്വം നല്കുന്നതിന് സമാന്തരമായി അതേ പേരിൽ ജോസഫ് വാഴയ്ക്കനും സുരാജും നേതൃത്വം കൊടുക്കുന്ന ഒരു സംഘടനരജിസ്റ്റർ ചെയ്തിരിക്കുന്നു. ഇത് സ്ഥാപനത്തിലെ ജീവനക്കാരെ തമ്മില ടിപ്പിക്കാനും ഈ കടലാസ്സ് സംഘടനകളുടെ നേതാക്കളുടെ താൽപര്യം സംരക്ഷിക്കാനുമാണ്. വിഷലിപ്തമായ കോൺഗ്രസ്സ് സംസ്കാരത്തിലെ കുടിപ്പക ഇനി നമ്മുടെ ജീവനക്കാർക്കും കാണേണ്ടിവരും. ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും താൽപര്യങ്ങൾക്ക് വിരുദ്ധമായ ഇത്തരം കടലാസ്സ് സംഘടനകളെ അംഗങ്ങളുടെ പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ റഫറണ്ടത്തിലൂടെ മാത്രമെ മാനേജ്മെന്റ് അംഗീകരിക്കാവൂ എന്ന് നാം ആവശ്യപ്പെട്ടിട്ടുണ്ട്.

## ജീവനക്കാർക്ക് പാരിതോഷികം നല്കുക

2016,2017 വർഷങ്ങളിലെ ചിട്ടി കാമ്പെയിനുകൾ വൻ വിജയമാക്കിതീർത്ത നമ്മുടെ ജീവനക്കാർക്ക് മുൻകാലങ്ങളി ലെപ്പോലെ പാരിതോഷികം അടിയന്തിരമായി വിതരണം ചെയ്യണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെട്ടു.

## സമ്പൂർണ്ണ ദേശാഭിമാനി കാമ്പയിൻ

തൊഴിലാളി വർഗ്ഗത്തിന്റെ പടവാളായ ദേശാഭിമാനി പത്രത്തിന്റെ പ്രചരണം എല്ലാ ജില്ലാ കമ്മിറ്റികളും ഏറ്റെടുക്കണ മെന്നും നമ്മുടെ എല്ലാ അംഗങ്ങളേയും ദേശാഭിമാനി പത്രത്തിന്റെ വരിക്കാരാക്കണമെന്നും സംസ്ഥാനകമ്മിറ്റി തീരുമാനി ച്ചു. നിലവിലുള്ള വരിക്കാരുടെ അഡ്രസ്സും മൊബൈൽ നമ്പറും അടിയന്തിരമായി ജില്ലാകമ്മിറ്റികൾ ksfeousc@gmail.com എന്ന മെയിലിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഇനിയും വരിക്കാരാകാത്ത അംഗങ്ങളെ ബന്ധ പ്പെട്ട് മുഴുവൻ പേരെയും അംഗങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾ ജില്ലാ കമ്മിറ്റികൾ ഏറ്റെടുക്കേണ്ടതാണ്.

## ജില്ലാ കൺവെൻഷനുകൾ

നമ്മുടെ എല്ലാ ജില്ലകളിലും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സംഘടനപ്രവർത്തനങ്ങൾ കരുത്തുറ്റതാക്കുന്നതിനും ലക്ഷ്യമിട്ട് പ്രത്യേക കൺവെൻഷനുകൾ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ തന്നെ കൺവെൻഷനുകൾ പൂർത്തിയാക്കേണ്ടതാണ്.

## കെട്ടിടം

നമ്മുടെ സംസ്ഥാനകമ്മിറ്റിയ്ക്ക് ഉചിതമായ ഒരു ആസ്ഥാനമുണ്ടാക്കുന്നതിന് സ്ഥലമോ, കെട്ടിടമോ വാങ്ങുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

## കൈത്താങ്ങ്

നമ്മുടെ സംഘടനമുൻകൈയെടുത്ത് രൂപീകരിച്ച കൈത്താങ്ങിന്റെ പ്രവർത്തനം കുറച്ചു ജില്ലകളിൽ സജീവമാണ്. നമ്മുടെ ജില്ലാ കമ്മിറ്റികൾ കൈത്താങ്ങിന്റെ പ്രവർത്തനം സജീവമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്രതിപക്ഷ സംഘടനകളുടെ അസത്യവും അടിസ്ഥാനരഹിതവുമായ പ്രചരണങ്ങളെ തള്ളിക്കളയുക.

2011-2012 കാലയളവിൽ കെ.എസ്.എഫ്.ഇയിൽ നടന്ന അഴിമതിനിറഞ്ഞതും തൊഴിലാളി വിരുദ്ധവും സ്ഥാപനവിരുദ്ധവുമായ പ്രവർത്തനങ്ങൾ ജീവനക്കാർ മറന്നിട്ടില്ല. സംസ്ഥാനസർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനത്തിന് സർക്കാരിന്റെ സാമ്പത്തിക പ്രയാസത്തിൽ സഹായിക്കേണ്ട ബാധ്യതയുണ്ട്. ട്രഷറിയിൽ 2012 നു ശേഷം കോടിക്കണക്കിനു രൂപ ചിട്ടി സെക്യൂരിറ്റി നിക്ഷേപം പലിശയടക്കം നല്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ യു.ഡി.എഫ്. സർക്കാർ സ്ഥാപനത്തിന് വലിയ സാമ്പത്തിക ബാധ്യതയാണ് വരുത്തിവച്ചത്. എന്നാൽ എൽ.ഡി.എഫ് സർക്കാർ 2017 മാർച്ചിനു ശേഷം കാലാവധി പൂർത്തിയായ എല്ലാ നിക്ഷേപങ്ങളും പലിശയും പിൻവലിക്കാൻ ഉത്തരവ് നല്കിയിട്ടുണ്ട്. അതിനുമുമ്പുള്ള 390 കോടി രൂപ പിൻവലിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

സൊസൈറ്റിയിൽ നടന്ന തട്ടിപ്പിനെതുടർന്ന് ഇവർ നടത്തികൊണ്ടിരിക്കുന്ന പ്രചരണങ്ങൾ പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് അത് തിരികെ ലഭിക്കരുത് എന്ന ഗൂഢലക്ഷ്യത്തോടെയാണ്. സംഘത്തിന്റെ ഭരണസമിതിയുടെ ശക്തമായ പ്രവർത്തനങ്ങളുടേയും ഇടപെടലിന്റെയും ഭാഗമായിട്ടാണ് ഗാരണ്ടി ഫണ്ട് ബോർഡിൽ നിന്നും 6 കോടി രൂപ സംഘത്തിന് അനുവദിച്ചതും സർക്കാർ നിർദ്ദേശ പ്രകാരം നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുകയുടെ ഒരു ഭാഗം തിരിച്ചു നല്കിയതും. എന്നാൽ ഇവർ ചൂണ്ടികാട്ടിയ 117/2015 ഗവൺമെന്റ് സർക്കുലറിനെതിരെ കോടതിയിൽ പോകുകയും അത് നടപ്പാക്കുന്നത് തടഞ്ഞതും ഇവർ തന്നെയാണ്. നിക്ഷേപകരോട് എന്തെങ്കിലും താൽപര്യമുണ്ടെങ്കിൽ ഈ ഉത്തരവ് കോടതി വ്യവഹാരത്തിൽപെടുത്തി തടയില്ലായിരുന്നു. എന്നാൽ 15.11.2017 ൽ കമ്പനി സർക്കുലർ ഇറക്കാനുണ്ടായ സാഹചര്യം കൂടി പറയേണ്ടതുണ്ട്. യു.ഡി.എഫ് സർക്കാർ നിയമിച്ച സഹകരണ വകുപ്പിന്റെ അന്വേഷണഫലമായി പുറത്തിറക്കിയ C.S.3431/2013-ാം നമ്പർ 27.04.16 തീയ്യതിയിലെ സർചാർജിൽ കുറ്റവിമുക്തമാക്കപ്പെട്ടവരെ ഒഴിവാക്കണമെന്ന് ബന്ധപ്പെട്ടവർ നല്കിയ അപേക്ഷ മാനേജ്മെന്റ് പരിഗണിച്ചില്ല. അവർ കോടതിയെ സമീപിച്ചതിനെത്തുടർന്ന് 20.09.2017 ൽ ബഹു. ഹൈക്കോടതിയിൽനിന്നും കമ്പനി 08.05.2013 ൽ ഇറക്കിയ സർക്കുലർ റദ്ദാക്കണമെന്ന് ഉത്തരവുണ്ടായി. 27.04.2016 ൽ യു.ഡി.എഫ് ഭരണകാലത്ത് പുറപ്പെടുവിച്ച സർചാർജ് ഉത്തരവിനും പഴി എൽ.ഡി.എഫ് ന്റെയും ഇപ്പോഴത്തെ സർക്കാരിന്റെയും തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നത് ഒരു കള്ളം നൂറുവട്ടം അവർത്തിച്ചാൽ അത് സത്യമാകുമെന്ന ഗീബെൻസിയൻ തന്ത്രമാണ്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൊസൈറ്റി ഭരണസമിതി നടത്തിയ ശക്തമായ ഇടപെടലിനെതുടർന്നാണ് സർക്കാർ ഗാരണ്ടിയിൽ 15 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവായത്. അതിന്റെ ആദ്യ ഗഡു നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിക്ഷേപങ്ങൾ തിരികെ നല്കുന്നതിനും സംഘത്തിൽനിന്നും അപഹരിക്കപ്പെട്ട തുക യഥാർത്ഥ പ്രതിയിൽനിന്നും ഈടാക്കാനുമുള്ള നടപടികൾ ഭരണസമിതിയും സർക്കാരും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുറ്റക്കാരെ സംരക്ഷിക്കുന്നതിന് സംഘടന ഒരുതരത്തിലും കൂട്ടുനിൽക്കില്ല. എന്നാൽ നിരപരാധികളെ വേട്ടയാടാൻ ശ്രമിച്ചാൽ പ്രതിരോധിക്കുകയും ചെയ്യും.

സംഘടനാപ്രവർത്തനം ശക്തമാക്കുന്നതിനും സ്ഥാപനത്തെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ജില്ലാ കൺവെൻഷനുകളിലും മുഴുവൻ അംഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

അഭിവാദനങ്ങളോടെ,

**തോമസ് പണിക്കർ ജി.**

ജന. സെക്രട്ടറി